# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7

28.01.2019 ൽ മറുപടിക്ക്

**വനിത മതിൽ - ആദ്യയോഗ ക്ഷണിതാക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .മുരളീധരൻ<br>,, എം. വിൻസെന്റ്<br>,, വി.പി.സജീന്ദ്രൻ<br>,, കെ.എസ്.ശബരീനാഥൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വനിത മതിൽ സംബന്ധിച്ച് വിളിച്ച് ചേർത്ത ആദ്യയോഗത്തിൽ ഹൈന്ദവ സംഘടനകളെ മാത്രമാണോ ക്ഷണിച്ചിരുന്നത്; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ ; | (എ) | ശബരിമല സ്ത്രീ പ്രവേശനത്തിന്റെ പശ്ചാത്തലത്തിൽ, ഹിന്ദുമത വിഭാഗങ്ങൾക്കിടയിൽ നവോത്ഥാന മൂല്യങ്ങളെ ദുർബലപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടായപ്പോഴാണ് അത് സംബന്ധിച്ച് ചർച്ച ചെയ്യാൻ ഒരു യോഗം വിളിച്ച് ചേർത്തത്. നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താല്പര്യമുള്ള സംഘടനകളുടെ യോഗത്തിൽ ഉയർന്നുവന്ന പൊതുവായ അഭിപ്രായത്തെ തുടർന്നാണ് വനിത മതിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചത്. |
| (ബി) | പ്രസ്തുത യോഗത്തിന് ക്ഷണിക്കപ്പെട്ടവർ കേരള നവേത്ഥാനത്തിൽ മുൻകൈ എടുക്കുകയും അനാചാരങ്ങളെ എതിർക്കുകയും ചെയ്ത നവോത്ഥാന സംഘടനകളുടെ ഇപ്പോഴത്തെ ഭാരവാഹികളായിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) | കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളേയും സംഘടനകളേയുമാണ് പൊതുവിൽ യോഗത്തിലേക്ക് ക്ഷണിച്ചിരുന്നത്. |
| (സി) | പ്രസ്തുത യോഗത്തിലേക്ക് ഹിന്ദു പാർലമെന്റിന്റെ ഭാരവാഹികളെ ക്ഷണിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സംഘടന നവോത്ഥാനത്തിന് നൽകിയ സംഭാവന എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | ക്ഷണിച്ചിരുന്നു. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താല്പര്യമുള്ള സംഘടന എന്ന നിലയിലാണ് ക്ഷണിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ നവോത്ഥാനത്തിന് മുസ്ലീം, ക്രിസ്ത്യൻ മതവിഭാഗത്തിൽപ്പെട്ട വ്യക്തികളും സംഘടനകളും യാതൊരു സംഭാവനയും നൽകിയിട്ടില്ലായെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഭാഗത്തിൽ പെട്ടവരെ ആദ്യയോഗത്തിന് ക്ഷണിക്കാതിരുന്ന സാഹചര്യം വ്യക്തമാക്കുമോ; | (ഡി) | വിലയിരുത്തിയിട്ടില്ല. നവോത്ഥാനം സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പങ്ക വഹിക്കാൻ ഉണ്ടെന്നതിനാലാണ് നിലവിലുള്ള സമിതി നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള മറ്റ് വിഭാഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കുവാൻ തീരുമാനിച്ചത്. |
| (ഇ) | വനിത മതിൽ എന്ന ആശയം ആരുടേതാണ്; അതിന് ശബരിമല സംഭവങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള ബന്ധമാണെന്ന് വ്യക്തമാക്കുമോ? | (ഇ) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താല്പര്യമുള്ള സംഘടനകളുടെ യോഗത്തിൽ ഉയർന്നുവന്ന പൊതുവായ അഭിപ്രായത്തെ തുടർന്നാണ് വനിതാമതിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചത്. |

**സെക്ഷൻ ഓഫീസർ**